**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4028** **28-06-2024 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ താലൂക്ക് ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമാണ് മാനസികാരോഗ്യത്തിന് ചികിത്സയുള്ളതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് ഏതൊക്കെ ജില്ലയിലാണ് നിത്യവും കഴിക്കേണ്ട മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ , തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം, കൊല്ലം ജില്ലയിലെ ജില്ലാ ആശുപത്രി, കൊട്ടാരക്കര, പുനലൂർ, കരുനാഗപ്പള്ളി എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികൾ , പത്തനംതിട്ട ജില്ലയിലെ ജില്ലാ ആശുപത്രി, കോഴഞ്ചേരി ജനറൽ ആശുപത്രി, പത്തനംതിട്ട, താലൂക്ക് ആശുപത്രി, റാന്നി, ഇടുക്കി ജില്ലയിലെ ഡി.എച്ച് ഇടുക്കി, തൊടുപുഴ താലൂക്ക് ആശുപത്രി നെടുങ്കണ്ടം, ആലപ്പുഴ ജില്ലയിലെ ജനറൽ ആശുപത്രി, ആലപ്പുഴ, ജില്ലാ ആശുപത്രി ചെങ്ങന്നൂർ, ജില്ലാ ആശുപത്രി മാവേലിക്കര, കോട്ടയം ജില്ലയിലെ താലൂക്ക് ആശുപത്രി വൈക്കം, ജനറൽ ആശുപത്രി കോട്ടയം, ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, എറണാകുളം ജില്ലയിലെ ജനറൽ ഹോസ്പിറ്റൽ, എറണാകുളം, ജനറൽ ഹോസ്പിറ്റൽ മൂവാറ്റുപുഴ, ഡി.എച്ച് ആലുവ, തൃശ്ശൂർ ജില്ലയിലെ മാനസികാരോഗ്യ കേന്ദ്രം, ജനറൽ ആശുപത്രി തൃശ്ശൂർ, ജനറൽ ഹോസ്പിറ്റൽ ഇരിഞ്ഞാലക്കുട , പാലക്കാട് ജില്ലയിലെ ജില്ലാ ആശുപത്രി, ഒറ്റപ്പാലം താലൂക്ക് ആശുപത്രി, കോട്ടത്തറ സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ മാനന്തവാടി മെഡിക്കൽ കോളേജ്, കൽപ്പറ്റ ജനറൽ ആശുപത്രി, കോഴിക്കോട് ജില്ലയിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് വടകര ജില്ലാ ആശുപത്രി , മലപ്പുറം ജില്ലയിൽ GH, തിരൂർ , THQH തിരൂരങ്ങാടി , ജില്ലാ ഹോസ്പിറ്റൽ, മഞ്ചേരി , കണ്ണൂർ ജില്ലയിലെ ജില്ലാ ആശുപത്രി, കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ആശുപത്രി , കാസർഗോഡ് ജില്ലയിലെ ജനറൽ ഹോസ്പിറ്റൽ, കാസർഗോഡ് ജില്ലാ ആശുപത്രി ,കാഞ്ഞങ്ങാട് എന്നീ ആശുപത്രികളിൽ മാനസികാരോഗ്യത്തിന് കഴിക്കേണ്ട |

| | | | | |
|---|---|---|---|---|
| | | | | മാനസികാരോഗ്യ മരുന്നുകൾ ഉൾപ്പെടെ നൽകി ചികിത്സ ലഭ്യമാക്കി വരുന്നു.<br><br>കൂടാതെ കിടത്തി ചികിത്സ പരമാവധി ഒഴിവാക്കി മാനസിക രോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ ചികിത്സയും തുടർ ചികിത്സയും ഉറപ്പുവരുത്തുന്ന സാമൂഹിക മാനസികാരോഗ്യ ചികിത്സാരീതിയിൽ ഊന്നിയ മാനസികാരോഗ്യ പരിപാടി കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും ആയി 308 ക്ലിനിക്കുകൾ മാസം തോറും ചികിത്സ നടത്തിവരുന്നു. മനോരോഗ ഔഷധ ചികിത്സ, മനഃശാസ്ത്ര ചികിത്സ, സാമൂഹ്യ പുനഃരധിവാസ ചികിത്സ, എന്നിവ അടുത്തുള്ള സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെ സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീമിന്റെ സേവനമുപയോഗിച്ച് ലഭ്യമാക്കിവരുന്നു. മനോരോഗ ഔഷധങ്ങളും ഈ പരിപാടിയിൻ കീഴിൽ സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ